(ബി) ഉണ്ടെങ്കിൽ നാദാപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തനക്ഷമമല്ലാത്ത എത്ര പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട് ;

(സി) എങ്കിൽ ഇവ പ്രവർത്തനരഹിതമാവുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രവർത്തനരഹിതമായ ഇത്തരം പദ്ധതികളെ പ്രവത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലനിധി ഒന്നാം ഘട്ടത്തിൽ നാദാപുരം മണ്ഡലത്തിൽ ആകെ 70 പദ്ധതികൾ നടപ്പിലാക്കിയതിൽ 13 പദ്ധതികൾ പ്രവർത്തനക്ഷമമല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ജലനിധി ഒന്നാംഘട്ട പദ്ധതികളെക്കുറിച്ച് 2013 ഡിസംബർ മാസം അന്വേഷണം നടത്തിയിരുന്നു. വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിനാലും ജലഗുണനിലവാര പ്രശ്നങ്ങൾ മൂലവും പമ്പ്സെറ്റ്, പമ്പിംഗ് മെയിൻ എന്നിവയുടെ തകരാറുമൂലവുമാണ് ടി പദ്ധതികൾ പ്രവർത്തനരഹിതമായിരിക്കുന്നത്.

(ഡി) ജലനിധിയുടെ നിയമാവലി അനുസരിച്ച് പൂർത്തീകരിച്ച പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിക്കഴിഞ്ഞാൽ തുടർ പരിപാലനവും അറ്റകുറ്റപ്പണികളും നടത്തേണ്ടുന്ന ഉത്തരവാദിത്തം ഗുണഭോക്തൃസമിതികൾക്കാണ്. എന്നാൽ ഗുണനിലവാരപ്രശ്നമുള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഒന്നാംഘട്ട ജലനിധിയിലെ ഇത്തരം പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായംകുളം നിയോജകമണ്ഡലത്തിൽ കട്ടനാട് പാക്കേജ്

172 (864) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ കട്ടനാട് പാക്കേജിന്റെ ഭാഗമായി, ഓണാട്ടുകര പാക്കേജുകൾ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും, ഓരോ വാട്ടർ ഷെഡിലും ഉൾപ്പെട്ടിട്ടുള്ള പാടശേഖരങ്ങൾ, തോടുകൾ, കനാലുകൾ, ചാലുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly